**അടിയന്തരപ്രമേയം**

ശിശുക്ഷേമ സമിതി നടത്തിയ അനധികൃത ദത്തുനൽകൽ

മി. സ്പീക്കർ: തിരുവനന്തപുരം പേരൂർക്കടയിൽ നവജാത ശിശുവിന് ദത്ത് നൽകാൻ ശിശുക്ഷേമ സമിതിയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും പോലീസും ചേർന്ന് നടത്തിയ ഇടപെടൽമൂലം സമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി കെ. കെ. രമ സർവ്വശ്രീ എം. വിൻസെന്റ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ചട്ടം 52 (7) അനുസരിച്ച് ഇതുപോലൊരു വിഷയം സഭയിലുന്നയിക്കാൻ അനുവദിക്കാൻ പാടില്ലാത്തതാണ്. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണ്. കോടതി ഇത് പരിശോധിക്കുന്നതിന്റെ നടപടിക്രമങ്ങളിലേയ്ക്ക് കടന്നിരിക്കുന്നു. ഒരു പ്രധാനപ്പെട്ട ഘട്ടത്തിലുമാണ് നിൽക്കുന്നത്. സാധാരണഗതിയിൽ നിയമസഭയിൽ ഈ വിഷയം ചർച്ച ചെയ്യുന്നത് അനുവദിക്കാൻ പാടില്ലാത്തതാണ്. മാത്രമല്ല, വളരെ സങ്കീർണ്ണമായ നിയമ പ്രശ്നങ്ങൾ,

ആളുകളുടെ സ്വകാര്യതയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ, വൈകാരികമായ പ്രശ്നങ്ങളുമെല്ലാം അടങ്ങിയിട്ടുള്ള വളരെ സങ്കീർണ്ണമായ പ്രശ്നമാണ് അടിയന്തരപ്രമേയത്തിന്റെ നോട്ടീസായി നൽകിയിട്ടുള്ളത്. അതുകൊണ്ട് ആ സങ്കീർണ്ണതയെല്ലാം കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ഇതുസംബന്ധിച്ച് സംസാരിക്കേണ്ടതുണ്ട്. സാധാരണഗതിയിൽ ഇത് അനുവദിക്കാൻ പാടില്ലാത്തതാണ്. ഇതൊരു കീഴ്വഴക്കമെന്ന നിലയിൽ, കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു കാര്യം നിയമസഭയിൽ ചർച്ച ചെയ്യുക എന്നതൊരു കീഴ്വഴക്കമാക്കി മാറ്റാൻ പാടില്ല. ഇതൊരു പ്രത്യേകമായ കേസ് എന്ന നിലയിൽ മാത്രം അനുവദിക്കുന്നതാണ്. ഈ വിഷയത്തിൽ പരിധിയും പരിമിതിയുമെല്ലാം പാലിച്ചുകൊണ്ടുവേണം സംസാരിക്കാൻ.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, തിരുവനന്തപുരം പേരൂർക്കട സ്വദേശിനിയായ അനുപമ എസ്. ചന്ദ്രൻ എന്ന യുവതി സ്വന്തം കുഞ്ഞിനെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള അന്വേഷണത്തിലാണെന്നും ഒരു വർഷംമുമ്പ് അതായത്, 2020 ഒക്ടോബർ മാസത്തിൽ കുഞ്ഞിനെ ശിശുക്ഷേമ സമിതിയുടെ അമ്മത്തൊട്ടിലിൽ ഉപേക്ഷിച്ചതാണെന്നും കുഞ്ഞിനെ തിരികെ

ലഭിക്കണമെന്നുള്ളതാണ് ആ അമ്മയുടെ ആവശ്യമെന്നും ഈ മാസം 19, 20 തീയതികളിലെ മാധ്യമ വാർത്തകളിലൂടെ അറിയുവാനിടയായി. ശിശുക്ഷേമ സമിതിയിൽ ഉപേക്ഷിച്ചുവെന്നുപറയുന്ന കുഞ്ഞിനെ തിരികെ ലഭിക്കണമെന്ന അവരുടെ ആവശ്യവും അതോടൊപ്പംതന്നെ അവരുടേതെന്ന് സംശയിക്കുന്ന കുഞ്ഞിനെ ശിശുക്ഷേമ സമിതിയിൽ ലഭിച്ചപ്പോൾ മുതൽ സ്വീകരിക്കപ്പെട്ട നടപടികൾ സംബന്ധിച്ചും വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വനിതാ-ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 22-10-2021-ലെ സർക്കാർ ഉത്തരവ് 82/2021 പ്രകാരം വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടറെ അന്വേഷണച്ചുമതല ഏൽപ്പിക്കുകയും അന്വേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 15-10-2021 തീയതി വച്ച് (അതായത് ഈ മാസം 15-ാം തീയതി) 16-10-2021-ൽ ഇതുസംബന്ധിച്ച് വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർക്ക് ശ്രീമതി അനുപമ എസ്. ചന്ദ്രന്റെ ഒരു പരാതിയും ലഭിച്ചിട്ടുണ്ട്. ഈ പരാതിയിൽ കാട്ടാക്കട നെയ്യാർ മെഡിസിറ്റി ഹോസ്പിറ്റലിൽ 19-10-2020-ൽ തനിക്ക് ജനിച്ച ആൺകുട്ടിയെ തന്റെ സമ്മതമില്ലാതെ മാതാപിതാക്കൾ

ബലമായെടുത്ത് ശിശുക്ഷേമ സമിതിയുടെ അമ്മത്തൊട്ടിലിൽ ഉപേക്ഷിച്ചെന്നും പ്രസ്തുത കാലയളവിൽ അമ്മത്തൊട്ടിലിൽ രണ്ട് കുഞ്ഞുങ്ങളെ ലഭിച്ചിരുന്നുവെന്ന് മനസ്സിലാക്കുന്നുവെന്നും അതിലൊരു കുട്ടിയുടെ ഡി.എൻ.എ. ടെസ്റ്റ് നടത്തിയപ്പോൾ നെഗറ്റീവാണെന്നും മറ്റേ കുട്ടി ദത്തുപോയെന്നും ദത്തുപോയ കുഞ്ഞ് തങ്ങളുടേതാണോയെന്നറിയാൻ മാർഗ്ഗമില്ലെന്നും കുട്ടിയെ തിരികെ ലഭിക്കാൻ സഹായിക്കണമെന്നും ശ്രീമതി അനുപമ ആവശ്യപ്പെട്ടിട്ടുണ്ട്. ചുമതലപ്പെടുത്തിയപ്രകാരം വനിതാ-ശിശു വികസന ഡയറക്ടർ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ശിശുക്ഷേമ സമിതിയുടെ തിരുവനന്തപുരത്തെ അമ്മത്തൊട്ടിലിൽ 23-10-2020-ന് പുലർച്ചെ 12.45-നും അന്നേ ദിവസം രാത്രി 9.00 മണിക്കും രണ്ട് ആൺകുഞ്ഞുങ്ങളെ ലഭിച്ചുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശിശുക്ഷേമ സമിതി, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജില്ലാ ശിശു സംരക്ഷണ ഓഫീസ്, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് മ്യൂസിയം എന്നിവർക്ക് കുഞ്ഞുങ്ങളെ ലഭിച്ച വിവരം 27-10-2020-ൽ ഔദ്യോഗിക അറിയിപ്പ് നൽകുകയുണ്ടായി. ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് നൽകിയ കത്തിൽ കുഞ്ഞുങ്ങളെ ലഭിച്ച വിവരം ഫോട്ടോ സഹിതം പത്രവാർത്ത

നൽകണമെന്നും അറിയിപ്പ് നൽകിയിരുന്നു. 2017-ലെ അഡോപ്ഷൻ റെഗുലേഷൻ 6 (6) പ്രകാരം ഉപേക്ഷിക്കപ്പെട്ട കുട്ടിയെ സംബന്ധിച്ച വിവരങ്ങളും ചിത്രവും പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഇതനുസരിച്ച് 04-11-2020-ൽ ശിശു സംരക്ഷണ ഓഫീസർ പത്രപ്പരസ്യം നൽകിയിട്ടുണ്ട്. വിജ്ഞാപനം പുറപ്പെടുവിച്ച് 30 ദിവസത്തിനകം കുട്ടിയെ ആരും അന്വേഷിച്ചുവന്നില്ലായെങ്കിൽ കുട്ടിക്ക് ലീഗലി ഫ്രീ ഫോർ അഡോപ്ഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ അംഗീകൃത ദത്തെടുക്കൽ സ്ഥാപനം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അനുപമയുടേതെന്ന് സംശയിക്കുന്ന കുഞ്ഞിന്റെകാര്യത്തിൽ ഈ 30 ദിവസക്കാലയളവിൽ ഇങ്ങനെയുള്ള അന്വേഷണമൊന്നുംതന്നെ ഉണ്ടായിട്ടില്ല. ശിശുക്ഷേമ സമിതിയിൽ ഇങ്ങനെ കുഞ്ഞുങ്ങളെ ലഭിച്ചാൽ നിയമപ്രകാരം ഉടൻതന്നെ സെൻട്രൽ അഡോപ്ഷൻ ആന്റ് റിസോഴ്സ് അതോറിറ്റിയുടെ ഔദ്യോഗിക പോർട്ടലായ കെയറിംഗ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020 ഒക്ടോബർ മാസത്തിൽത്തന്നെ 23-10-2020-ന് ലഭിച്ച രണ്ട് കുട്ടികളെയും മാനദണ്ഡപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജുവനൈൽ ജസ്റ്റിസ് ആക്ട്

പ്രകാരവും അഡോപ്ഷൻ റെഗുലേഷൻപ്രകാരവുമുള്ള തുടർനടപടികൾ CWC-യും Specialized Adoption Agency-യും സ്വീകരിച്ചതായിട്ടാണ് കാണുന്നത്. 15-02-2021-നാണ് രണ്ട് കുഞ്ഞുങ്ങളുടെയും ലീഗലി ഫ്രീ ഫോർ അഡോപ്ഷൻ സർട്ടിഫിക്കറ്റ് CWC നൽകുന്നത്. ഈ സർട്ടിഫിക്കറ്റും കെയറിംഗ്സ് പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. 19-04-2021-ൽ പ്രോസ്പെക്ടീവ് അഡോപ്റ്റീവ് പാരന്റ്സ് ഇതിലൊരു കുട്ടിയെ റിസർവ് ചെയ്തിട്ടുണ്ട്. 22-04-2021-ൽ ആറുമാസം മുമ്പാണ് ശ്രീമതി അനുപമ എസ്. ചന്ദ്രന്റെ പരാതി ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് ലഭിക്കുന്നത്. കോവിഡിന്റെ സാഹചര്യത്തിൽ ഓൺലൈനായിട്ടാണ് കമ്മിറ്റി അനുപമയുടെ പരാതി കേട്ടത്. തന്റെ കുഞ്ഞിനെ കണ്ടെത്തുന്നതിനുവേണ്ടി ഡി.എൻ.എ. പരിശോധന നടത്തണമെന്ന് ആഗസ്റ്റ് മാസത്തിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിയോട് അനുപമ ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ 23-10-2020-ന് ലഭിച്ച രണ്ട് കുഞ്ഞുങ്ങളിൽ ഫോസ്റ്റർ കെയറിന് അതിനോടകം കരാർപ്രകാരം കൈമാറിയ കുഞ്ഞൊഴിച്ച് രണ്ടാമത്തെ കുഞ്ഞിന്റെ ഡി.എൻ.എ. പരിശോധന നടത്തുകയും അത് അനുപമയുടെ കുഞ്ഞല്ല എന്ന്

കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

ഈ പ്രമേയത്തിൽ ആരോപിക്കുന്നത് ശിശുക്ഷേമ സമിതിയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും അനധികൃത ഇടപെടൽ നടത്തിയെന്നുള്ളതാണ്. പക്ഷേ വകുപ്പ് നടത്തിയിട്ടുള്ള പ്രാഥമികമായിട്ടുള്ള അന്വേഷണത്തിൽ ഒരു കുഞ്ഞിനെ സർക്കാരിന്റെ സംരക്ഷണയിലേയ്ക്ക് കിട്ടുന്നത് രണ്ട് തരത്തിലാകാം. ഒന്ന്, abandoned child ആകാം അല്ലെങ്കിൽ surrender ചെയ്യാം. സറണ്ടർ ചെയ്യുമ്പോൾ ഒന്നുകിൽ കുഞ്ഞിന്റെ അമ്മ, വിവാഹിതരാണെങ്കിൽ അമ്മയും അച്ഛനും അല്ലെങ്കിൽ അമ്മ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് മുമ്പാകെ ഈ കുഞ്ഞിനെ കൈമാറേണ്ടതാണ്. അത് സറണ്ടർ കാറ്റഗറിയിൽപ്പെടുന്ന കുഞ്ഞായി കണക്കാക്കും. അമ്മത്തൊട്ടിലിലോ പൊതുവിടങ്ങളിലോ മാതാപിതാക്കൾ അല്ലാതെ അമ്മയല്ലാതെ മറ്റാരെങ്കിലുമോ കുഞ്ഞിനെ കൈമാറുകയാണെങ്കിൽ അത് abandoned child വിഭാഗത്തിൽ കണക്കാക്കാവുന്നതാണ്. അമ്മത്തൊട്ടിലിൽ ലഭിക്കുന്ന കുഞ്ഞ് നിയമപ്രകാരം ഉപേക്ഷിക്കപ്പെട്ട കുട്ടിയെന്ന വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. ഉപേക്ഷിക്കപ്പെട്ട കുട്ടിയെ സർക്കാർ സംരക്ഷണത്തിലേയ്ക്ക് ഏറ്റെടുക്കുമ്പോൾ, ദത്ത് കൊടുക്കുമ്പോൾ

എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ടോ അവയെല്ലാം പാലിച്ചുകൊണ്ടാണ് സമിതി മുന്നോട്ടുപോയിട്ടുള്ളതെന്നാണ് മനസ്സിലാക്കുന്നത്. പത്രപരസ്യം, തുടർന്നുള്ള ആക്ഷേപങ്ങൾ ആർക്കെങ്കിലും ഉണ്ടെങ്കിൽ അത് സമർപ്പിക്കാനുള്ള അവസരം നൽകൽ എന്നിവ സമയക്രമം പാലിച്ചുകൊണ്ട് നടത്തിയിട്ടുണ്ട്. ഇതിനെ തുടർന്നാണ് ദത്തെടുക്കാനുള്ള നടപടികളുമായി മുന്നോട്ടുപോയത്. ഇക്കാര്യത്തിൽ വഞ്ചിയൂർ കുടുംബ കോടതി അന്തിമ ഓർഡർ പുറപ്പെടുവിക്കാനിരിക്കെ ഈ വിഷയത്തിൽ വളരെ കൃത്യമായി സർക്കാർ ഇടപെടുകയും അനുപമയുടെ ആവശ്യവും അതുമായി ബന്ധപ്പെട്ട അന്വേഷണം സംബന്ധിച്ച കാര്യവും ബഹുമാനപ്പെട്ട കോടതിയെ അറിയിക്കുകയും സർക്കാരിന്റെ അന്വേഷണങ്ങൾകൂടി പരിഗണിച്ചുമാത്രമേ കോടതി ദത്തെടുക്കലിന്റെ കാര്യത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കാവൂയെന്ന് അപേക്ഷിക്കുകയും ചെയ്തിരുന്നു. ജുവനൈൽ ജസ്റ്റിസ് നിയമം 2015-ന്റെ 67-ാം വകുപ്പ് പ്രകാരം സംസ്ഥാനത്തെ ദത്തെടുക്കലിന്റെ മേൽനോട്ടച്ചുമതല വഹിക്കുന്ന ഏജൻസിയാണ് സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി. ഈ ഏജൻസിയാണ് ദത്തെടുക്കൽ നടപടികൾ തീരുമാനിക്കുന്ന കോടതിയിൽ

സർക്കാരിനെ റെപ്രസന്റ് ചെയ്യിരിക്കുന്നത്. പരാതിക്കാരി സമർപ്പിച്ച പരാതികളൊന്നുംതന്നെ സർക്കാർ അവഗണിച്ചിട്ടില്ല. എല്ലാ പരാതികളിന്മേലും നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമത്തിന്റെ സങ്കീർണ്ണതകൾ ഉൾപ്പെടുന്ന വിഷയമായതിനാൽ സ്വാഭാവികമായ സമയം മാത്രമേ നടപടികൾക്ക് എടുത്തിട്ടുള്ളൂ. ഇക്കാര്യത്തിൽ യാതൊരു അനധികൃത ഇടപെടലുമുണ്ടായിട്ടില്ല. നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമായി സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു നടപടിയും ഉണ്ടായിട്ടില്ല, ഇനി ഉണ്ടാകുകയുമില്ല. സർക്കാരിനെ സംബന്ധിച്ചിടത്തോളം അമ്മയ്ക്ക് കുഞ്ഞിനെ ലഭിക്കണമെന്ന ശക്തമായ അഭിപ്രായമാണുള്ളത്. അതുകൊണ്ടുതന്നെയാണ് ഇക്കാര്യത്തിൽ പരാതി ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ ആ തലത്തിൽത്തന്നെ അതിൽ ഇടപെടുകയും പരിശോധന നടത്തി ആവശ്യമായി തീരുമാനമെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നത്. ഇക്കാര്യത്തിൽ മാതാവിന് ലഭിക്കേണ്ട നീതി ഉറപ്പുവരുത്തണമെന്ന ഉറച്ച അഭിപ്രായമാണുള്ളത്. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോഴത്തെ സാഹചര്യത്തിൽ ജുഡീഷ്യൽ സ്ക്രൂട്ടിണിയുടെ

അടിസ്ഥാനത്തിൽ മാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ. ഈ സംഭവം ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ ആവശ്യമായ ഇടപെടൽ ഈ ദിശയിൽ സർക്കാർ നടത്തിയിട്ടുണ്ട്. കുടുംബകോടതിയിൽ സർക്കാരിനുവേണ്ടി സത്യവാങ്മൂലം നൽകിയതിൽ അമ്മയ്ക്ക് കുട്ടിയെ ലഭിക്കുകയെന്ന സാമാന്യനീതിക്കുവേണ്ടിയുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കുഞ്ഞിന്റെ ഭാവിയും ഉത്തമ താല്പര്യവും കണക്കിലെടുത്തുകൂടിവേണം അന്തിമ ഉത്തരവ് കോടതി പുറപ്പെടുവിക്കേണ്ടതെന്ന് അപേക്ഷിച്ചിട്ടുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ കോടതിയാണ് അന്തിമ തീരുമാനമെടുക്കേണ്ടത്. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കൂടുതൽ കാര്യങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്തുന്നത് സഭയുടെ കീഴ്വഴക്കങ്ങൾക്ക് നിരക്കുന്നതാകില്ല. ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്ന് അറിയിക്കുകയാണ്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, കോടതിയിൽ നിൽക്കുന്ന വിഷയങ്ങളെ സംബന്ധിച്ചല്ല, കോടതിയിലെ നടപടിക്രമങ്ങളെ സംബന്ധിച്ചുമല്ല അടിയന്തരമായി ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്. ഇതുമായി

ബന്ധപ്പെട്ടുള്ള സ്വാഭാവികമായ നീതി നിഷേധത്തിന് വലിയ നാൾവഴിയുണ്ട്. തീർച്ചയായും അതുതന്നെയാണ് ഇവിടെ സഭ നിർത്തിവച്ച് ചർച്ച ചെയ്യപ്പെടണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നത്.

തിരുവനന്തപുരം പേരൂർക്കടയിൽ മൂന്ന് ദിവസം മാത്രം പ്രായമുണ്ടായിരുന്ന ഒരു പിഞ്ചുകുഞ്ഞിനെ അമ്മയിൽനിന്ന് എടുത്തുമാറ്റി ദത്തുനൽകാൻ സർക്കാർ സ്ഥാപനമായ ശിശുക്ഷേമ സമിതിയും ശിശുക്ഷേമ കമ്മിറ്റിയും നടത്തിയ അനധികൃതമായ ഇടപെടലും കുട്ടിയെ കാണാനില്ലായെന്ന അമ്മയുടെ പരാതിയിൽ ആറ് മാസക്കാലം എഫ്.ഐ.ആർ. പോലും രജിസ്റ്റർ ചെയ്യാതെ പോലീസ് നടത്തിയ ഒത്തുകളിയും ഉന്നത രാഷ്ട്രീയ ഭരണതല ഗൂഢാലോചനയുംമൂലം കേരള സമൂഹത്തിൽ ഉണ്ടായിരിക്കുന്ന ആശങ്കയുമാണ് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്. നമ്മുടെ സംസ്ഥാനം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ഭീകരമായ ദുരഭിമാന കുറ്റകൃത്യത്തിന്റെ ഇരയാണ് പേരൂർക്കടയിലെ അനുപമയും കുഞ്ഞും. ശിശുക്ഷേമ സമിതിയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും പോലീസും ഡി.ജി.പി.-യും മുഖ്യമന്ത്രിയുടെ ഓഫീസും എല്ലാം ഉൾപ്പെട്ട ഭരണകൂടം ഒന്നടങ്കം സംഘടിതമായി ആസൂത്രണം ചെയ്ത്

നടപ്പാക്കിയ ദുരഭിമാന കുറ്റകൃത്യമാണിത്. അനുപമ എന്ന അമ്മയിൽനിന്ന് ചൂടുമാറാത്ത പാൽമണം മാറാത്ത മൂന്ന് ദിവസം മാത്രം പ്രായമായ ഒരു പിഞ്ചുകുഞ്ഞിനെ തട്ടിയെടുത്ത് നാടുകടത്തിയ ക്രൂരകൃത്യം കേരള മനസ്സാക്ഷിയെ ഞെട്ടിച്ചിരിക്കുകയാണ്. മുലപ്പാൽ ചുരത്തുന്ന സ്വന്തം അമ്മ ഉണ്ടായിട്ടും പൊടിപ്പാൽ കുടിക്കാൻ നിർബന്ധിതനായ, നാഥൻ ഉണ്ടായിട്ടും അനാഥനായി മാറ്റപ്പെട്ട ഒരു പിഞ്ചുകുഞ്ഞിന്റെ കരച്ചിലിൽ കേരളം വേദനിക്കുകയാണ്. അനുപമയോടും കുഞ്ഞിനോടും മാത്രമല്ല ഈ ക്രൂരകൃത്യം ചെയ്തിരിക്കുന്നത്. കുഞ്ഞിനെ ദത്തെടുക്കുന്നതിനുള്ള അതിസങ്കീർണ്ണമായ നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ച് നീണ്ടകാത്തിരിപ്പിന് ഒടുവിലാണ് ഈ തട്ടിപ്പിന്റെ വിവരങ്ങൾ ഒന്നും അറിയാതെ ഈ പിഞ്ചുകുഞ്ഞിനെ ഏറ്റുവാങ്ങി തങ്ങളുടെ ഹൃദയത്തോടും സ്വപ്നത്തോടും ചേർത്തുവച്ച ആന്ധ്രാപ്രദേശിലുള്ള ആ ദമ്പതികളോട് സമാനതകളില്ലാത്ത ക്രൂരതയാണ് നമ്മുടെ ഭരണ സംവിധാനം ഇപ്പോൾ കാണിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത്, രാജ്യത്താകെ ഇന്നോളം കേട്ടിട്ടുള്ള കുറ്റകൃത്യങ്ങളിൽവച്ച് ഏറ്റവും ഹീനവും നികൃഷ്ടവുമായ കുറ്റകൃത്യങ്ങളിൽ ഒന്നാണ് ഇവിടെ സംഭവിച്ചിട്ടുള്ളത്. ദുരഭിമാന കുറ്റകൃത്യങ്ങൾ വാർത്തകളായി നാം കേട്ടിട്ടുണ്ട്. നമ്മുടെ

സംസ്ഥാനത്ത് കെവിൻ എന്ന ചെറുപ്പക്കാരൻ കൊല്ലപ്പെട്ടത് മൂന്നുവർഷം മുമ്പാണ്. ദുരഭിമാനക്കൊലകൾ നടത്തുന്നത് ജാത്യാഭിമാനത്തിന്റെയും മതവരേണ്യാഭിമാനത്തിന്റെയും പേരിൽ അതത് കുടുംബങ്ങളോ മതസാമുദായിക തീവ്രവാദ സംഘടനകളോ ആണ്. എന്നാൽ ഇവിടെയാകട്ടെ കുടുംബത്തിനൊപ്പം കുറ്റകൃത്യത്തിൽ സംസ്ഥാന സർക്കാരിന്റെ എല്ലാ സംവിധാനങ്ങളും കൂട്ടുചേർന്നുവെന്നതാണ് ജനാധിപത്യവാദികളെ ഞെട്ടിപ്പിക്കുന്നത്. ശിശുക്ഷേമ സമിതിയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും സംസ്ഥാന പോലീസും കുട്ടിയെ തട്ടിയെടുത്ത് അമ്മയിൽനിന്ന് അകറ്റി ദത്ത് നൽകിയതിന് ഒന്നിച്ച് പ്രവർത്തിച്ചു. വാർത്ത വന്നതിനുശേഷം ബാലാവകാശ കമ്മീഷൻ കുറ്റകരമായ മൗനമാണ് പുലർത്തിയത്. സർക്കാർ സംവിധാനങ്ങളെയാകെ ദുരഭിമാന കുറ്റകൃത്യത്തിൽ ഏകോപിപ്പിക്കാൻ അനുപമയുടെ അച്ഛനൊപ്പം ഭരണകക്ഷിയുടെ ഉന്നത നേതാക്കന്മാരും പങ്കുവഹിച്ചുവെന്നതും വ്യക്തമാണ്. അടിയന്തരമായി കുട്ടിക്ക് അമ്മയേയും അമ്മയ്ക്ക് കുട്ടിയേയും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നതോടൊപ്പം ഈ പ്രശ്നത്തിൽ നടന്ന ഉന്നതതല രാഷ്ട്രീയ-ഭരണ ഗൂഢാലോചനയെക്കുറിച്ചും നിയമപരമായ എല്ലാ

നടപടിക്രമങ്ങളും ബോധപൂർവ്വം അട്ടിമറിച്ചതിനെക്കുറിച്ചും ജൂഡീഷ്യൽ അന്വേഷണം നടത്തണമെന്നും ശിശുക്ഷേമ സമിതി പിരിച്ചുവിടണമെന്നും ആവശ്യപ്പെടുകയാണ്. ഏറെ സുതാര്യവും സത്യസന്ധവുമായി നിർവ്വഹിക്കപ്പെടേണ്ട ദത്തെടുക്കൽ പ്രക്രിയയുടേയും ശിശുക്ഷേമ പ്രവർത്തനങ്ങളുടേയും വിശ്വാസ്യതയാണ് ഇവിടെ തകർന്ന് തരിപ്പണമാക്കപ്പെട്ടിരിക്കുന്നത്. കടുത്ത വിമർശനമാണ് ബഹുമാനപ്പെട്ട കോടതിയുടെ ഭാഗത്തുനിന്നും ഇന്നലെ സംസ്ഥാന ശിശുക്ഷേമ വകുപ്പിനെതിരെ ഉണ്ടായിരിക്കുന്നത്. ഹർജികൾ നൽകുന്നതിനുള്ള സാമാന്യരീതികൾ എന്തെന്ന് അറിയില്ലേയെന്നും ഇത്രയും അശ്രദ്ധമായായാണോ ദത്ത് രേഖകൾ തയ്യാറാക്കുന്നതെന്നുമാണ് കോടതി ശിശുക്ഷേമ സമിതിയോട് ചോദിച്ചിരിക്കുന്നത്. ശിശുക്ഷേമ സമിതിയുടെ സെക്രട്ടറി ഷിജു ഖാൻ, സമിതിയുടെ സൂപ്രണ്ട് എന്നിവർക്കെതിരെ ഉയർന്നിരിക്കുന്ന ആരോപണങ്ങളെ സാധൂകരിക്കുന്നതാണ് കോടതിയുടെ അഭിപ്രായപ്രകടനം. ഇതിൽ ഏറ്റവും സങ്കടകരമായ കാര്യം ഈ ചെയ്തികൾക്കെല്ലാം ചുക്കാൻ പിടിച്ചത് അനുപമയുടെ സ്വന്തം പിതാവും സി.പി.ഐ.(എം.) പേരൂർക്കട ലോക്കൽ കമ്മിറ്റി അംഗവുമായ പി.എസ്.

ജയചന്ദ്രൻതന്നെയാണ് എന്നതാണ്. തങ്ങളുടെ പാർട്ടി സ്ഥാനങ്ങളും അധികാരങ്ങളും ഉപയോഗിച്ച് സർക്കാർ സംവിധാനങ്ങളേയും പോലീസിനേയും സ്വാധീനിച്ച് എസ്.എഫ്.ഐ.-യുടേയും ഡി.വൈ.എഫ്.ഐ.-യുടേയും നേതാവും സ്വന്തം മകളുമായ അനുപമയുടെ ചോരക്കുഞ്ഞിനെയാണ് ഇവർ രാക്ഷസരാമായനം നാടുകടത്തിയത്. ഇത്രയ്ക്ക് ഹീനമായ ഒരു പ്രവൃത്തി നടത്തിയതിനുശേഷം കുഞ്ഞിന്റെ അമ്മ പരാതിയുമായി എത്തിയെന്ന് സി.പി.ഐ.(എം.)-ന്റെ കേന്ദ്ര കമ്മിറ്റി അംഗവും മുൻ ആരോഗ്യ ശിശുക്ഷേമ വകുപ്പുമന്ത്രിയുമായിരുന്ന ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ പരസ്യമായി പ്രതികരിച്ചിട്ടുണ്ട്. ഏഷ്യനെറ്റിൽ  വിനു വി. ജോൺ നടത്തിയ ചർച്ചയിൽ ടീച്ചർ പറഞ്ഞത് 'ഞാൻ തോറ്റുപോയി' എന്നാണ്. ബഹുമാനപ്പെട്ട ശ്രീമതി ടീച്ചറിനെ ആരാണ് തോൽപ്പിച്ചത്; ഈ ഭരണകൂടമാണോ; ഇവിടുത്തെ പോലീസ് സംവിധാനമാണോ? ഏപ്രിൽ മാസം 19-ാം  തീയതി കുഞ്ഞിനെ തട്ടിക്കൊണ്ടുപോയി എന്ന് പരാതി പറയാൻ എത്തിയ കുഞ്ഞിന്റെ അമ്മയോട് പോലീസ് ചോദിച്ചത് 'നിന്റെ കുട്ടിയാണെന്നതിന് എന്താണ് തെളിവ് ' എന്നാണ്.  അതേസമയം ആരോപണ വിധേയനായ ജയചന്ദ്രനോട് പേരൂർക്കട പോലീസിനുള്ള

ബഹുമാനവും വിധേയത്വവുംകൂടി ഇവിടെ സൂചിപ്പിക്കണം. ആരോപണവിധേയനായ ജയചന്ദ്രനെ പോലീസ് വിളിപ്പിച്ചപ്പോൾ കുറച്ച് അസൗകര്യമുണ്ടെന്നാണ് അറിയിച്ചത്. അപ്പോൾ പരാതിക്കാരിയോട് തിരിച്ചുപോകാൻ പേരൂർക്കട പോലീസ് പറയുകയാണ്. ഇത്ര വിശാല മനസ്സും സൗമനസ്യവുമുള്ള പോലീസുകാരാണ് സംസ്ഥാനത്തുള്ളത് എന്നത് അത്ഭുതപ്പെടുത്തുകയാണ്. കുഞ്ഞിനെ തട്ടിയെടുത്തുവെന്ന് കുഞ്ഞിന്റെ അമ്മ പരാതിപ്പെട്ടിട്ട് ആറ് മാസമായിട്ടും ഒരു ചോദ്യം ചെയ്യലിനുപോലും വിധേയനാകാത്ത ഒരു കുറ്റവാളി നമ്മുടെ നാട്ടിൽ ഇപ്പോഴും പരിപൂർണ്ണ സ്വാതന്ത്ര്യത്തോടെ ജീവിക്കുകയാണ്. അധികാര കേന്ദ്രങ്ങളെ നിയന്ത്രിക്കുകയാണ്. എത്ര അപകടകരമായ അവസ്ഥയാണ്. എന്തുകൊണ്ടിത് സംഭവിക്കുന്നു എന്നതിന് ഒറ്റ ഉത്തരമേ ഉള്ളൂ. ആരോപണ വിധേയനായ ആൾ പേരൂർക്കട സി.പി.ഐ.(എം.) ലോക്കൽ കമ്മിറ്റി അംഗമാണ്. അയാളുടെ രാഷ്ട്രീയ, സാമ്പത്തിക സ്വാധീനങ്ങൾക്കുമുന്നിൽ പോലീസിന്റെയും ആഭ്യന്തര വകുപ്പിന്റെയും ഭരണ സംവിധാനങ്ങളുടെയും നട്ടെല്ല് വളഞ്ഞിരിക്കുകയാണ്. സത്യസന്ധമായി നീതിനിർവ്വഹണം നടത്തേണ്ട പോലീസ് രാഷ്ട്രീയ നേതൃത്വങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക്

അനുസരിച്ച് മാത്രം പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന കാക്കിയിട്ട കാവൽക്കാരായി മാറുന്ന ദയനീയ കാഴ്ചയാണ് വർത്തമാന കേരളം കാണുന്നത്. പോലീസിനെ വിമർശിച്ച് അവരുടെ ആത്മവീര്യം കെടുത്തരുത് എന്നാണ് ആഭ്യന്തര വകുപ്പ് തലവനുംകൂടിയായ കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. പക്ഷേ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും കണ്ണീരിനുമുന്നിൽ ആഭ്യന്തര വകുപ്പ് തലവന് തല താഴ്ത്തിയല്ലാതെ നിൽക്കാൻ കഴിയില്ല. മനസ്സിനെ മരവിപ്പിക്കുന്ന കൊടുംക്രൂരതകൾ കൺമുന്നിൽ കാണുമ്പോഴും 'ഞെട്ടൽ ഉണ്ടാകുന്നത് ഓരോരുത്തരുടെയും മാനസികാവസ്ഥയ്ക്ക് അനുസരിച്ചാണ്' എന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായം എന്റെ കാതുകളിൽ ഇപ്പോഴും മുഴങ്ങുന്നുണ്ട്. അതുകൊണ്ട് അനുപമ എസ്. ചന്ദ്രന്റെ കണ്ണീരും മാതൃത്വത്തിന്റെ വേദനയും അദ്ദേഹത്തിൽ എത്രമാത്രം ഞെട്ടലുണ്ടാക്കും എന്ന് എനിക്ക് കരുതാൻ കഴിയില്ല. കുഞ്ഞിനെ കണ്ടെത്തി നൽകണമെന്ന പരാതിയുമായി ഏപ്രിൽ മാസം 19-ാം തീയതിയാണ് അനുപമ എസ്. ചന്ദ്രൻ പേരൂർക്കട പോലീസ് സ്റ്റേഷനെ സമീപിക്കുന്നത്. അന്നുതന്നെ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് വാട്ട്സാപ്പിലൂടെയും വീഡിയോ

കോളിലൂടെയും പരാതി നൽകുന്നു. ഏപ്രിൽ 22-ന് അന്നത്തെ ഡി.ജി.പി. ശ്രീ. ലോക്‌നാഥ് ബെഹ്റയ്ക്കും അവർ പരാതി നൽകുന്നുണ്ട്. മെയ് മാസം പരാതി കമ്മീഷണർ ഓഫീസിലെത്തുന്നു. തന്റെ കുഞ്ഞിനെ കടത്തിക്കൊണ്ടുപോയി എന്ന് ഒരു സ്ത്രീ പരാതി കൊടുത്ത് ആറ് മാസം കഴിഞ്ഞിട്ടും അതിൽ ഒരു എഫ്.ഐ.ആർ. ഇട്ട് അന്വേഷണം നടത്താത്ത പോലീസ് ആറ് മാസങ്ങൾക്കുശേഷം അനുപമ എസ്. ചന്ദ്രന്റെ മൊഴിയെടുക്കുന്നു. ഞങ്ങൾ അമ്മയുടെ കൂടെയാണെന്ന് സർക്കാർ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. എപ്പോഴാണ് അമ്മയുടെ കൂടെയായത്? ഈ സർക്കാർ ഇത്രയുംകാലം ഒരു സ്ത്രീയെ, അമ്മയെ ഇതുപോലെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുകയും ആ അമ്മ പോലീസ് സ്റ്റേഷനുകളും പരാതിപ്പെടേണ്ട കേന്ദ്രങ്ങളും കയറിയിറങ്ങുകയുമാണ്. അപ്പോൾ ഈ സർക്കാർ അത് കണ്ടിട്ടില്ല. ഞങ്ങൾ അമ്മയുടെ കൂടെയാണെന്ന് ഇപ്പോൾ സർക്കാർ പറയുന്നു. ഇത് എങ്ങനെയാണ് സ്ഥാപിക്കാൻ കഴിയുക; എങ്ങനെയാണ് സാധാരണ മനുഷ്യർക്ക് നീതി കിട്ടുക? മാധ്യമങ്ങളിലൂടെ ചർച്ചയായെങ്കിൽ മാത്രമേ ഇത്തരത്തിലുള്ള വിഷയങ്ങൾ എടുക്കൂ എന്ന അവസ്ഥയിലേയ്ക്ക് നമ്മുടെ കേരളം എത്തിപ്പെടുകയാണ്. ആഗസ്റ്റ് 7-ന്

അഞ്ചംഗ ദത്ത് നൽകൽ സമിതി ആന്ധ്രാപ്രദേശിലെ ദമ്പതികൾക്ക് താല്ക്കാലികമായി കുഞ്ഞിനെ ദത്ത് കൊടുത്തു. ആഗസ്റ്റ് 11-ന് കുഞ്ഞിനെ തിരക്കി അനുപമ എസ്. ചന്ദ്രൻ ശിശുക്ഷേമ സമിതിയിലെത്തിയെങ്കിലും കണ്ടത് മറ്റൊരു കുഞ്ഞിനെയാണ്. കുഞ്ഞിന്റെ ഡി.എൻ.എ. പരിശോധന നടത്താൻ CWC (Child Welfare Committee)-ക്ക് അപേക്ഷ നൽകുകയും തുടർന്ന് സെപ്റ്റംബർ 30-ന് ഡി.എൻ.എ. പരിശോധന നടത്തുകയും ഒക്ടോബർ 7-ന് പരിശോധനാ ഫലം വന്നപ്പോൾ സമിതിയിൽ കണ്ട കുഞ്ഞ് അനുപമ എസ്. ചന്ദ്രന്റേതല്ലെന്ന് തെളിയുകയുമാണ്. ഇതിനെത്തുടർന്നാണ് ഒക്ടോബർ 15-ന് പരാതിയുമായി അവർ മാധ്യമങ്ങൾക്കുമുന്നിൽ വന്നത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീമതി കെ. കെ. രമ: സർ, ഞാനിപ്പോൾ നിർത്താം. ഇതിനുശേഷം ഒക്ടോബർ 18-ന് പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നു. രണ്ട് ദിവസങ്ങൾക്ക് മുന്നേ, ഒക്ടോബർ 21-ന് വനിതാ കമ്മീഷൻ കേസെടുക്കുന്നു. ഇവിടെ പ്രധാനമായും അന്വേഷിക്കപ്പെടേണ്ട കുറ്റകൃത്യങ്ങളിൽ ഒന്ന്, തന്റെ കുഞ്ഞിനെ കടത്തിക്കൊണ്ടുപോയി എന്ന് ഒരു സ്ത്രീ പരാതി കൊടുത്ത് ആറ് മാസം കഴിഞ്ഞിട്ടും അതിൽ എഫ്.ഐ.ആർ. ഇട്ട് അന്വേഷണം

നടത്താതിരുന്നത് എന്തുകൊണ്ട്?

മി. സ്പീക്കർ: ഇതൊക്കെ പറഞ്ഞുകഴിഞ്ഞ കാര്യങ്ങളാണ്, ആവർത്തിക്കുകയാണ്. പത്ത് മിനിട്ട് തുടർച്ചയായി പറഞ്ഞ കാര്യങ്ങൾ തന്നെയാണ്.

ശ്രീമതി കെ. കെ. രമ: സർ, രണ്ടാമത്, കുട്ടിയെ കടത്തിക്കൊണ്ടുപോയി എന്ന് 2021 ഏപ്രിൽ മാസം സി.ഡബ്ല്യൂ.സി.-യിൽ പരാതി നൽകിയിട്ടും ആ കുട്ടിയുടെമേൽ ബയോളജിക്കൽ മദർ അവകാശം ഉന്നയിക്കുന്നുണ്ട് എന്നറിഞ്ഞിട്ടും പരാതി ലഭിക്കുമ്പോൾ കുട്ടി സ്ഥലത്തുണ്ടായിട്ടും ദത്ത് നൽകൽ നടപടികളുമായി ശിശുക്ഷേമ സമിതി മുന്നോട്ടുപോയത് എന്തുകൊണ്ടാണ് എന്ന് അന്വേഷിക്കണം. ലഭിച്ചത് ആൺകുട്ടിയായിരുന്നിട്ടും രജിസ്റ്ററിൽ പെൺകുട്ടിയാണെന്ന് ആദ്യം തെറ്റായി രേഖപ്പെടുത്തുകയും പിന്നീട് അത് തിരുത്തുകയും ചെയ്തു. ഇത് കുട്ടിയുടെ ഐഡന്റിറ്റി തന്നെ ഒളിപ്പിച്ച് തെളിവ് നശിപ്പിക്കുന്നതിനായി മന:പൂർവ്വം ചെയ്തതാണ് എന്ന കുട്ടിയുടെ അമ്മയുടെ ആരോപണം ഗൗരവമായിത്തന്നെ കാണണം. സ്വന്തം പാർട്ടി നേതൃത്വത്തെയും ഭരണകൂടത്തെയും വിശ്വസിച്ച് കഴിഞ്ഞ ആറ് മാസമായി പാർട്ടി നേതാക്കളെ ഓരോരുത്തരെ..... (മൈക്ക്

ഓഫ്)..... .....(ബഹളം).....

മി. സ്പീക്കർ: ബഹളമൊന്നും വേണ്ട. ഇരിക്കൂ..... ഇത്ര പ്രകോപിതരാകേണ്ടതില്ല. ഈ വിഷയം ഉന്നയിക്കാൻ അനുവദിക്കുന്നതുതന്നെ പ്രത്യേക കേസായിട്ടാണെന്നും കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണെന്നും പറഞ്ഞുകൊണ്ടാണ്. സാധാരണ പത്ത് മിനിട്ടാണ് എല്ലാവരും സംസാരിക്കാറുള്ളത്. ഇപ്പോൾ പതിനൊന്ന് മിനിട്ട് സംസാരിച്ചുകഴിഞ്ഞു. ഉന്നയിക്കേണ്ട എല്ലാ കാര്യങ്ങളും ഉന്നയിച്ചു കഴിഞ്ഞിട്ടുണ്ട്. ചെയർ ഉദാരമായ ഒരു സമീപനം സ്വീകരിച്ചാൽ അത് ദുരുപയോഗപ്പെടുത്തരുത്. ബഹളം വേണ്ട. ഇരിക്കൂ..... ചട്ടം അനുസരിച്ചേ പ്രവർത്തിക്കാൻ പറ്റൂ. ചെയറിനെ ശബ്ദംകൊണ്ട് കീഴ്പ്പെടുത്താൻ നോക്കരുത്. .....(ബഹളം).....

(പ്രമേയാവതാരികയെ പ്രസംഗം പൂർത്തിയാക്കാൻ അനുവദിക്കാതെ മൈക്ക് ഓഫ് ചെയ്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കരുതലും സുരക്ഷിതത്വവും ആവശ്യമുള്ള കുഞ്ഞുങ്ങളുടെ

വിഭാഗത്തിലാണ് (Children in need of care and protection) ശിശുക്ഷേമ സമിതിക്ക് മുമ്പാകെ സറണ്ടർ ചെയ്യുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതായ കുഞ്ഞുങ്ങൾ ഉൾപ്പെടുന്നത്. .....(ബഹളം).....

മി. സ്പീക്കർ: എല്ലാ അംഗങ്ങളും സ്വന്തം സ്ഥാനങ്ങളിലേയ്ക്ക് പോകണം.

ശ്രീമതി വീണാ ജോർജ്ജ്: സർ, സർക്കാരിന്റെ സംരക്ഷണയിൽ ശിശുക്ഷേമ സമിതിയിലേയ്ക്ക് കുഞ്ഞുങ്ങൾ എത്തപ്പെടുമ്പോൾ ആ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കേണ്ടതുണ്ട്. അസാധാരണമായ, സമാനതകളില്ലാത്ത ഒരു കേസാണിത്. ദത്തെടുക്കൽ സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ തീർത്തും നിയമപരമായിട്ടാണ് നടന്നിട്ടുള്ളതെന്നാണ് ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പരിശോധിച്ചതിൽനിന്നും മനസ്സിലാക്കുന്നത്. 2015-ലെ ബാലനീതി നിയമവും 2017-ലെ അഡോപ്ഷൻ റെഗുലേഷൻസ് പ്രകാരവുമാണ് സംസ്ഥാനത്ത് ദത്തെടുക്കൽ നടപടിക്രമം നടപ്പിലാക്കുന്നത്. അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ച് കൊടുക്കപ്പെട്ടവരുമായ കുട്ടികളെയാണ് Central Adoption Resource Authority (CARA)-യുടെ മാർഗ്ഗനിർദ്ദേശപ്രകാരം ദത്ത് നൽകുന്നത്. ......(ബഹളം)...... 2015-ലെ

ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനത്തിൽ അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ച് കൊടുക്കപ്പെട്ടവരുമായ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ എത്തപ്പെടുകയാണെങ്കിൽ 2015-ലെ ബാലനീതി നിയമം സെക്ഷൻ 31 പ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ സി.ഡബ്ല്യൂ.സി. സ്ഥാപനത്തിൽ കുട്ടിയെ പ്രവേശിപ്പിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞാൽ കുട്ടി സ്ഥാപനത്തിൽ വന്ന് മൂന്ന് പ്രവൃത്തി ദിവസത്തിനകം കുട്ടിയെ സംബന്ധിച്ച വിവരങ്ങൾ 2017-ലെ അഡോപ്ഷൻ റെഗുലേഷൻസ് 6(5) പ്രകാരം CARINGS (Child Adoption Resource Information & Guidance System) വെബ് പോർട്ടലിൽ രേഖപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നു. 23-10-2020-ന് പുലർച്ചെ ഒരു കുഞ്ഞിനെയും അന്നേ ദിവസം രാത്രി 9 മണിക്ക് രണ്ടാമത്തെ കുഞ്ഞിനെയും അമ്മത്തൊട്ടിലിൽ ലഭിച്ചു. 27-10-2020-ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജില്ലാ ശിശു സംരക്ഷണ ഓഫീസ്, പോലീസ് എന്നിവരെ ഔദ്യോഗികമായി ഈ കാര്യങ്ങൾ അറിയിച്ചു. നവംബർ മാസം 4-ന് ശിശു സംരക്ഷണ ഓഫീസർ പത്രത്തിൽ പരസ്യം നൽകുകയുണ്ടായി.

28-10-2020-ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി പ്ലേസ്മെന്റ് ഓർഡർ നൽകി. തുടർന്ന് 05-01-2021-ന് മേൽപ്പറഞ്ഞ രണ്ട് കുഞ്ഞുങ്ങളുടെയും legally free for adoption certificate-നായി ശിശുക്ഷേമ സമിതി ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ അപേക്ഷ നൽകി. തുടർന്ന് 15-02-2021-ന് രണ്ട് കുഞ്ഞുങ്ങളുടെയും legally free for adoption certificate ലഭിക്കുകയുണ്ടായി. മേൽ സൂചിപ്പിച്ചതിൽ രണ്ട് കുട്ടികളുടെയും legally free for adoption certificate പ്രസ്തുത പോർട്ടലിൽ അപ്‍ലോഡ് ചെയ്യുകയുണ്ടായി. ഇതിനുശേഷം 19-04-2021-ൽ ഈ കുഞ്ഞിനെ ഓൺലൈനായി ഒരു ദമ്പതികൾ (പ്രോസ്പെക്ടീവ് അഡോപ്റ്റീവ് പേരന്റ്സ്) റിസർവ് ചെയ്യുകയും 14-05-2021-ന് നടന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത അഡോപ്ഷൻ കമ്മിറ്റി ചേർന്ന് ഇവരെ ഹിയർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡയസ്സിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് തിരിച്ചുപോയി.) ഇവിടെ ഈ വിഷയത്തിൽ CARINGS (Child Adoption Resource Information & Guidance System) web portal-ൽ രജിസ്റ്റർ ചെയ്ത എട്ട്

Prospective adoptive parents-ൽ നിന്നും കുട്ടിയുടെ referral വരികയും അതിൽ ഒരു ദമ്പതികൾ കുട്ടിയെ റിസർവ് ചെയ്യുകയും 14-05-2021-ന് Adoption committee കൂടുകയും കുട്ടിയെ adoption committee അവർക്ക് നിയമപ്രകാരം foster care-ന് നൽകുന്നതിന് തീരുമാനിക്കുകയും ചെയ്യുകയാണുണ്ടായത്. Adoption Regulation 11 പ്രകാരം ഈ കുട്ടിയെ 06-08-2021-ന് Pre-adoption foster care-ന് Prospective adoptive parents-ന് നൽകിയിട്ടുള്ളതാണ്. ഇവിടെ ഇന്ന സ്ഥലത്താണ് ആ കുട്ടി എന്നൊക്കെ പറഞ്ഞെങ്കിലും ഇപ്പോഴും അത് അനുപമയുടെ കുട്ടിയാണോ എന്നുള്ളത് അറിയില്ല. ആ കുഞ്ഞിനുമുണ്ട് അവകാശങ്ങൾ, അത് സംരക്ഷിക്കപ്പെടേണ്ടതാണ്. Adoption Regulation 12 പ്രകാരം തിരുവനന്തപുരം കുടുംബ കോടതി മുമ്പാകെ ഈ കുട്ടിയുടെ ദത്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി കേസ് ഫയൽ ചെയ്യുകയും കോടതിയുടെ ഹിയറിംഗ് നടപടികൾ പൂർത്തിയാക്കുകയും ചെയ്തിരുന്നു. ഈ ഘട്ടത്തിലാണ് സർക്കാരിന്റെ മുന്നിൽ ഈ വിഷയം വരുന്നത്. അതിൽ അടിയന്തരമായി ഇടപെട്ടുകൊണ്ട് നിയമപരമായി ആ ഘട്ടത്തിൽ ചെയ്യാവുന്ന ഏറ്റവും നല്ല മാർഗ്ഗംതന്നെ സ്വീകരിച്ചുകൊണ്ട്

വഞ്ചിയൂർ കുടുംബകോടതിക്ക് മുമ്പാകെ ഈ വിഷയങ്ങൾ സംബന്ധിച്ച് പോലീസും വനിതാ ശിശുവികസന വകുപ്പും നടത്തുന്ന അന്വേഷണം പറയുകയും അതിനെത്തുടർന്ന് ഇതുകൂടി പരിഗണിച്ചുകൊണ്ട് അന്തിമ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും അത് ബഹുമാനപ്പെട്ട കോടതി ഉൾക്കൊള്ളുകയും വിശദമായ വാദം കേൾക്കുന്നതിന് നവംബർ 1-ലേയ്ക്ക് പോസ്റ്റ് ചെയ്യുകയുമാണ് ചെയ്തിരിക്കുന്നത്.

തിരുവനന്തപുരം പേരൂർക്കട സ്വദേശിനിയായ യുവതി 15-04-2021-നാണ് പേരൂർക്കട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. മുമ്പാകെ പിതാവിനെ എതിർകക്ഷിയാക്കി ഒരു പരാതി നൽകിയത്. പ്രസ്തുത പരാതിയിൽ പരാതിക്കാരിയുടെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്, ഇലക്ഷൻ ഐഡന്റിന്റി കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, എ.ടി.എം. കാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പിതാവിന്റെ കൈവശമാണെന്നും അവ തിരിച്ചുവാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് അപേക്ഷിച്ചിരുന്നത്. പരാതി സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചശേഷം കോടതി മുഖാന്തിരം പരിഹാരം കാണുന്നതിന് നിർദ്ദേശിക്കുകയാണുണ്ടായത്. തുടർന്ന് മാതാപിതാക്കൾ, സഹോദരി തുടങ്ങി ആറ് പേർക്കെതിരെ യുവതി

19-04-2021-ൽ പേരൂർക്കട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.-യ്ക്ക് മറ്റൊരു പരാതി നൽകി. ഈ പരാതിയിൽ തന്റെ കുഞ്ഞിനെ മാതാപിതാക്കളും മറ്റും ചേർന്ന് ബലമായി എടുത്തുകൊണ്ടുപോയി എന്നും കുഞ്ഞിനെ കണ്ടെത്തി നൽകണമെന്നുമായിരുന്നു ആവശ്യപ്പെട്ടിരുന്നത്. പരാതിയിന്മേൽ അന്വേഷണം നടത്തിയതിൽ കുഞ്ഞിനെ ശിശുക്ഷേമ സമിതിയിൽ ഹാജരാക്കി കുഞ്ഞിന്റെ ഭാവിസുരക്ഷ ഉറപ്പാക്കണമെന്ന് അമ്മ നൽകിയ സമ്മതപത്രത്തെത്തുടർന്ന് തങ്ങൾ കുഞ്ഞിനെ അമ്മത്തൊട്ടിലിൽ നൽകിയിതായിട്ടാണ് യുവതിയുടെ അച്ഛൻ മൊഴിനൽകിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ കുഞ്ഞിനെ തിരിച്ചുകിട്ടുന്നതിനായി കോടതി മുഖേന പരിഹാരം കാണാൻ നിർദ്ദേശിച്ച് പരാതി പോലീസ് തീർപ്പാക്കുകയും ചെയ്തു. ഇക്കാര്യം ഉന്നയിച്ചുകൊണ്ട് 20-04-2021, 10-09-2021 എന്നീ തീയതികളിൽ സംസ്ഥാന പോലീസ് മേധാവിക്കും 13-07-2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പരാതി നൽകിയിരുന്നു. പ്രസ്തുത പരാതികൾ പേരൂർക്കട പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ച് നൽകുകയും അവയും സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ചെയ്തു. സംസ്ഥാന ശിശുക്ഷേമ സമിതി മുഖേനയോ കോടതി മുഖേനയോ പരിഹാരം കാണാൻ

നിർദ്ദേശിച്ച് 19-09-2021-ൽ പരാതിക്കാരിക്ക് പേരൂർക്കട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. മറുപടി നൽകി. സംസ്ഥാന ശിശുക്ഷേമ സമിതി മുഖേന ദത്ത് നൽകിയിട്ടുള്ള കുട്ടികളുടെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് സമിതി സെക്രട്ടറിക്ക് പോലീസ് 16-10-2021-ൽ കത്ത് നൽകി. എന്നാൽ ദത്ത് നൽകുന്ന കുട്ടികളുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കണമെന്ന Central Adoption Regulation Act-ലെ 3-ാം വകുപ്പ് നിഷ്കർഷിക്കുന്നതിനാൽ വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ല എന്ന് ശിശുക്ഷേമ സമിതി സെക്രട്ടറി 16-10-2021-ൽ പോലീസിന് മറുപടി നൽകുകയുണ്ടായി. ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി പരാതിക്കാരി സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയെത്തുടർന്ന് 19-10-2021-ൽ IPC 361, 403, 471, 34 എന്നീ വകുപ്പുകൾ പ്രകാരം ജയചന്ദ്രൻ പി. എസ്., സ്മിതാ ജെയിംസ്, അഞ്ജു അരുൺ, രമേശ്, അനിൽ കുമാർ എന്നിവർക്കെതിരെ ക്രൈം നം.1842/21 ആയി പേരൂർക്കട പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ യാതൊരു അവ്യക്തതയുമില്ല. അമ്മ വളർത്താൻ

തയ്യാറാണെങ്കിൽ അമ്മയ്ക്കൊപ്പമാണ് ആ കുഞ്ഞ് ഉണ്ടാകേണ്ടത്. അതോടൊപ്പംതന്നെ കുഞ്ഞിന്റെ ഉത്തമ താൽപര്യം സംരക്ഷിക്കുന്നതിന് സർക്കാർ ബാദ്ധ്യസ്ഥവുമാണ്. ഞാൻ നേരത്തെ പറഞ്ഞ വിവരങ്ങൾ ഒന്നുകൂടി ആവർത്തിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട രണ്ട് കുഞ്ഞുങ്ങളെയും receive ചെയ്ത 23-10-2020 മുതൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ നിയമപരവും മാനദണ്ഡപ്രകാരവുമായിരുന്നു എന്നുള്ളതാണ് ഇതുവരെ നടത്തിയിട്ടുള്ള എല്ലാ അന്വേഷണത്തിൽനിന്നും വ്യക്തമാകുന്നത്. ഇനി പ്രധാനപ്പെട്ട കാര്യം, നിയമപരമായി സർക്കാർ സ്വീകരിക്കാനുള്ള നടപടികൾ ഈ ഘട്ടത്തിൽ സ്വീകരിച്ചിട്ടുണ്ട്. അനുപമയുടേതാണ് ആ കുഞ്ഞെങ്കിൽ ആ കുഞ്ഞിനെ അനുപമയ്ക്ക് ലഭിക്കുന്നതിനുവേണ്ടിയിട്ടുള്ള ശക്തമായ ഇടപെടൽതന്നെ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. അതിൽ യാതൊരു തർക്കവുമില്ല. ഇതൊരു രാഷ്ട്രീയ വിഷയമായി കൊണ്ടുപോകാതെ ഇതുസംബന്ധിച്ചിട്ടുള്ള വസ്തുതകൾ പരിശോധിച്ചുകൊണ്ട് ആ അമ്മയുടെ വേദനയ്ക്കൊപ്പം, അത് അറിഞ്ഞുകൊണ്ടാണ് അതിൽ ഇടപെട്ടത്. അതോടൊപ്പംതന്നെ ആ കുഞ്ഞിന്റെ അവകാശങ്ങളും സംരക്ഷിക്കപ്പെടണം എന്നുമാത്രമാണ് ഈ അവസരത്തിൽ പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ്(ശ്രീ. വി. ഡി. സതീശൻ): സർ, ആദ്യമായി ഈ വിഷയത്തിന് നോട്ടീസ് നൽകിയ ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ. കെ. രമയെ അടിയന്തരപ്രമേയം അവതരിപ്പിച്ച് പൂർത്തിയാക്കാൻ അങ്ങ് അനുവദിക്കാതിരുന്നതിൽ അതിശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ,

ശ്രീ. വി. ഡി. സതീശൻ: സർ, ഞാനൊരു കാര്യം സൂചിപ്പിച്ചോട്ടെ, let me complete. അടിയന്തരപ്രമേയ നോട്ടീസ് നൽകിയിരിക്കുന്ന ആളുകൾ പത്ത് മിനിറ്റിനുള്ളിൽ സംസാരിക്കണമെന്ന് എവിടെയാണ് തീരുമാനിച്ചിരിക്കുന്നത്? അങ്ങ് ഇവിടത്തെ കീഴ്വഴക്കങ്ങൾ നോക്കണം. ഇവിടെ ഞങ്ങൾ ഭരണകക്ഷിയിലും പ്രതിപക്ഷത്തുമിരുന്നിട്ടുണ്ട്. ഇവിടെ പ്രതിപക്ഷത്തെ അംഗങ്ങൾ അടിയന്തരപ്രമേയ നോട്ടീസ് അവതരിപ്പിച്ചുകൊണ്ട് 26 മിനിറ്റുവരെ സംസാരിച്ചിട്ടുണ്ട്. ശരാശരി സമയം

10 മിനിറ്റ് എന്ന് അങ്ങ് തീരുമാനിച്ചപ്പോൾ ഞങ്ങൾ അതുമായി സഹകരിച്ചു, കൂടിപ്പോയാൽ രണ്ടോ മൂന്നോ മിനിറ്റിന്റെ വ്യത്യാസം വരും. പക്ഷെ ഒരു വനിതാ അംഗത്തിനെ ഒരു വാചകം പറഞ്ഞ് പൂർത്തീയാക്കാൻ അങ്ങ് അനുവദിക്കാതിരുന്നതിൽ ഞങ്ങൾക്ക് കടുത്ത പ്രതിഷേധമുണ്ട്. അതാണ് ഞങ്ങൾ പ്രകടിപ്പിച്ചത്, അത് പറയാതിരിക്കാൻ കഴിയില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഇവിടെ ഈ വിഷയം അനുവദിക്കുന്നത് സംബന്ധിച്ചുതന്നെ ചെയർ ആമുഖമായി പറഞ്ഞതാണ്, അങ്ങ് എന്നെക്കാളും നന്നായി ചട്ടം അറിയുന്ന ആളാണ്, ചട്ടം 52 (7) പ്രകാരം കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാനേ പാടില്ലാത്തതാണ്. പക്ഷെ പ്രതിപക്ഷത്തിന്റെ അവകാശമെന്ന നിലയിലും ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഷയമെന്ന നിലയിലുമെല്ലാം അത് അനുവദിച്ചതാണ്. അപ്പോൾ അതിനോട് സഹകരിക്കാനുള്ള ഉത്തരവാദിത്തം ബഹുമാനപ്പെട്ട അംഗത്തിനുണ്ട്. എട്ട് മിനിറ്റായപ്പോൾ ബെൽ അടിച്ച് മുന്നറിപ്പ് കൊടുത്തു. ....(ബഹളം)....പ്രതിപക്ഷനേതാവ് പറഞ്ഞതിനെക്കുറിച്ചാണ് പറയുന്നത്... അങ്ങ് ഇരിക്കു... ....(ബഹളം)....

ദയവായി നിശബ്ദരായിരിക്കു. സാധാരണ എല്ലാവർക്കും നൽകുന്നതുപോലെതന്നെ പത്ത് മിനിറ്റ് ഒരു തടസ്സവുമില്ലാതെതന്നെ ബഹുമാനപ്പെട്ട അംഗത്തിന് സംസാരിക്കാൻ അവസരമുണ്ടായി. വീണ്ടും ബെല്ലടിച്ചപ്പോൾ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഇപ്പോൾ അവസാനിപ്പിക്കാം എന്നാണ്. വീണ്ടും രണ്ട് മിനിറ്റ് സമയം കിട്ടി. (ബഹളം) അവസാനിപ്പിക്കാനാണെങ്കിൽ അവസാനിപ്പിക്കാമായിരുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് ഇവിടെ റൂൾ 50-ക്ക് കൊടുത്തിരിക്കുന്ന നോട്ടീസുകൾ ഒന്ന് പരിശോധിക്കണം. അതിൽ 70 ശതമാനവും കോടതിയിൽ ഏതെങ്കിലും കേസ് കൊടുത്തിട്ടുള്ള വിഷയങ്ങൾ തന്നെയാണ്. ഇവിടത്തെ കീഴ്വഴക്കങ്ങൾ..., ബാർ കോഴ, സോളാർ വിഷയം എന്നിവയെ സംബന്ധിച്ച് എത്ര ചർച്ചകൾ ഇവിടെ നടന്നു, അന്നെല്ലാം നോട്ടീസ് കൊടുത്ത് സംസാരിച്ച പ്രധാനപ്പെട്ട ആളുകൾ അപ്പുറത്തിരിക്കുന്നുണ്ട്. എന്നിട്ട് ഇപ്പോൾ റൂൾ 52(7) പറയുമ്പോൾ നിങ്ങൾ കയ്യടിക്കരുത്, സ്പീക്കർ ചെയറിലിരുന്നുകൊണ്ട് റൂൾ ക്വാട്ട് ചെയ്തു എന്നുമാത്രമേയുള്ളൂ. പക്ഷെ ഇവിടത്തെ ഒരു പ്രൊസീജ്വർ..., ഭരണകക്ഷി അംഗങ്ങൾ അതിനെ പിന്തുണയ്ക്കരുത്, നിങ്ങളിൽ പലരും ഇവിടെ വന്ന്

സംസാരിച്ചിട്ടുള്ള ആളുകളാണ്. എന്തായാലും ഞങ്ങളുടെ പ്രതിഷേധം അവിടെ നിലനിൽക്കുകയാണ്.

ഞാൻ സത്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വന്ന് മറുപടി പറയുമ്പോൾ ആരാണ് കുറ്റക്കാർ അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും എന്ന സർക്കാരിന്റെ ഒരു ഉറച്ച നിലപാടാണ് പ്രതീക്ഷിച്ചത്. എന്നാൽ എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് ശിശുക്ഷേമ സമിതിയെയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയെയും വെള്ളപൂശി അവർ ചെയ്ത കുറ്റകൃത്യത്തിൽനിന്നും മോചിപ്പിക്കാൻവേണ്ടിയുള്ള ശ്രമമാണ് ഇവിടെ നടത്തിയിരിക്കുന്നത്. സി.പി.ഐ.(എം)-ന്റെ പോളിറ്റ് ബ്യൂറോ അംഗം ബൃന്ദ കാരാട്ട് പറഞ്ഞത് ഒരു കുഞ്ഞിനെ അമ്മയിൽനിന്നും എടുത്തുമാറ്റിയത് ഒരു കുറ്റകൃത്യമാണ് എന്നാണ്. ആ കുറ്റകൃത്യം ആരാണ് ചെയ്തത്? അതുചെയ്ത ആളുകളെയാണ് നിങ്ങൾ ഇവിടെനിന്ന് ന്യായീകരിക്കാൻ ശ്രമിച്ചത്. Juvenile Justice (Care and Protection of Children) Act 2015-ൽ പാർലമെന്റ് പാസ്സാക്കിയതാണ്. ഇന്ത്യയിലെ adoption procedure protocol എന്നത് മനുഷ്യകടത്തും കുഞ്ഞുങ്ങളുടെ വിൽപ്പനയും തടയുന്നതിനുവേണ്ടിയിട്ടുള്ള വളരെ കാർക്കശ്യം നിറഞ്ഞ നിയമങ്ങളും

അതിന്റെ നടപടിക്രമങ്ങളുമാണ്. ആ നടപടിക്രമങ്ങളെ മുഴുവൻ ഈ ശിശുക്ഷേമ സമിതിയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും ചേർന്ന് കാറ്റിൽപ്പറത്തിക്കൊണ്ടാണ് തുടക്കം മുതൽ മുന്നോട്ട് പോയത്. ഇവിടെ മന്ത്രി ഒരു വാക്ക് പറഞ്ഞു, ഇത് abandoned child ആണ്, അതായത് അമ്മത്തൊട്ടിലിൽനിന്നും കിട്ടിയതാണ് എന്ന്. 2020 ഒക്ടോബർ 23-ാം തീയതി രാത്രി 12.45-ന്, അന്നത്തെ ദിവസം അവിടെ അമ്മത്തൊട്ടിൽ ഇല്ലായിരുന്നു. അനുപമയുടെ പിതാവ് ടി.വി.യിൽ വന്ന് പറഞ്ഞത് എന്റെ മകളുടെ സമ്മതത്തോടുകൂടിയാണ് ഞാൻ കുഞ്ഞിനെ കൈമാറിയത് എന്നാണ്. കുഞ്ഞിനെ ഉപേക്ഷിക്കാൻ എന്തിനാണ് അമ്മയുടെ സമ്മതം? അദ്ദേഹംതന്നെ പറയുന്നു കൈമാറിയതാണ് എന്ന്, അതെങ്ങനെയാണ് abandoned child ആകുന്നത്?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, ഞാൻ പറഞ്ഞത് നിയമമാണ്. റെഗുലേഷൻസ് പ്രകാരം അനാഥരായവരും, ഉപേക്ഷിക്കപ്പെട്ടവരും, ഏൽപ്പിക്കപ്പെട്ടവരുമായിട്ടുള്ള കുഞ്ഞുങ്ങളാണ്, അത് കുറച്ചുകൂടി റെഗുലേഷനിലേക്കെത്തുമ്പോൾ abandoned and surrender എന്നാണ് പറയുന്നത്. നിയമപരമായിട്ടുള്ള

കാര്യങ്ങളാണ് തുടക്കത്തിൽ ഞാൻ പറഞ്ഞത്. സറണ്ടർ ചെയ്യണമെങ്കിൽ കുഞ്ഞിന്റെ അമ്മ വരണം. അമ്മയല്ലാതെ, ഈ കേസിൽ ആരുവന്നാലും അത് abandoned child ആണ്. നിയമപരമായിട്ടും സാങ്കേതികമായിട്ടുമുള്ള കാര്യങ്ങളാണ് ഞാനിവിടെ പറഞ്ഞത്. മാധ്യമവാർത്തകളെ അടിസ്ഥാനമാക്കിയാണ് വനിതാ ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഇതുസംബന്ധിച്ചുള്ള അന്വേഷണത്തിന് ചുമതലപ്പെടുത്തിയതും ഉത്തരവിട്ടതും. വനിതാ ശിശുവികസനവകുപ്പ് ഡയറക്ടർക്കാണ് ചുമതല. സി.ഡബ്ല്യൂ.സി., ശിശുക്ഷേമ സമിതി എല്ലാവരെയും കേട്ടുകൊണ്ട്, മൂന്നാഴ്ചക്കുള്ളിൽ വിശദമായിട്ടുള്ള റിപ്പോർട്ട് തരും. ഇനിയഥവാ ഏതെങ്കിലും തരത്തിലുള്ള അപാകതകളുണ്ടായിട്ടുണ്ടെങ്കിൽ സർക്കാർ നടപടി സ്വീകരിക്കുന്നതിനുവേണ്ടിയിട്ടാണ് ഈ രീതിയിലുള്ള അന്വേഷണം നടത്തുന്നത്. അല്ലെങ്കിൽ ഇത്തരത്തിൽ ഒരു അന്വേഷണത്തിന്റെ ആവശ്യമുണ്ടായിരുന്നില്ലല്ലോ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കുഞ്ഞിന്റെ ഗ്രാന്റ് പാരന്റ്സ് ശിശുക്ഷേമ സമിതിയിൽ പോയി കൈമാറിയ കുഞ്ഞിനെ,

അമ്മത്തൊട്ടിലിൽ നിന്ന് കിട്ടിയ കുട്ടിയായി ശിശുക്ഷേമ സമിതി പരിഗണിക്കുന്നതെങ്ങനെയാണെന്നാണ് എന്റെ ചോദ്യം. അമ്മത്തൊട്ടിൽ അവിടെ റീ ലൊക്കേറ്റ് ചെയ്യാൻ വേണ്ടി മാറ്റി നിർത്തിയിരിക്കുന്ന സമയത്ത്, അതായത്, അമ്മത്തൊട്ടിലില്ലാത്ത സമയത്താണ് ഈ സംഭവം നടക്കുന്നത്. കുറ്റകൃത്യം അവിടെ നിന്ന് തുടങ്ങുകയാണ്. ഗ്രാന്റ് പാരൻസിന്റെ കൈയിൽ നിന്ന് രാത്രി 12.45 ന് കുട്ടിയെ ഏറ്റുവാങ്ങി. അതിനുശേഷം അമ്മത്തൊട്ടിലിൽ നിന്ന് കിട്ടിയതാണെന്ന് തെറ്റായി രേഖപ്പെടുത്തുന്നു. പുലർച്ചെ മൂന്ന് മണിക്ക് തൈക്കാട് സർക്കാർ ആശുപത്രിയിൽ കൊണ്ടുപോകുന്നു. ആശുപത്രി രേഖകളിൽ ഈ ആൺകുട്ടിയെ, പെൺകുട്ടിയാണെന്ന് രേഖപ്പെടുത്തുന്നു. തൊട്ടടുത്തദിവസം, കുഞ്ഞിന് മലാല യൂസഫ് എന്ന പേരിട്ട വാർത്ത പത്രത്തിൽ കൊടുക്കുന്നു. മലാല യൂസഫിനെ അനുസ്മരിച്ച് കൊണ്ട് കുഞ്ഞിന് പേരിട്ടെന്നതായിരുന്നു പത്രവാർത്ത. ശിശുക്ഷേമ സമിതിയുടെ മുന്നിൽ കൂടി പോകുമ്പോൾ സൂക്ഷിക്കണം. സ്ത്രീയെ പുരുഷനാക്കുകയും, പുരുഷനെ സ്ത്രീയാക്കുകയും ചെയ്യുന്ന മാന്ത്രിക സിദ്ധിയുള്ള ആളുകൾ ശിശുക്ഷേമ സമിതിയിലുണ്ട്. ആർക്കുവേണ്ടിയാണ് ഈ ആൺകുട്ടി പെൺകുട്ടിയായി മാറിയത്?

ആർക്കുവേണ്ടിയാണ് ആൺകുട്ടിയ്ക്ക് മലാല യൂസഫ് എന്ന് പേരിട്ടത്? ആൺകുട്ടിയെ പെൺകുട്ടിയാക്കി എന്ന വാർത്ത മാധ്യമങ്ങളിൽ വന്നശേഷം, ഞങ്ങൾ കൈമാറിയ കുട്ടി ആൺകുട്ടിയാണെന്ന് കുഞ്ഞിന്റെ ഗ്രാന്റ് പാരന്റ്സ് രണ്ടാമത് കത്തെഴുതിക്കൊടുത്തു. വിവാദം ഉണ്ടാകാതിരിക്കാൻ അവർ അത് ക്ലോസ് ചെയ്തു. ഇതെല്ലാംതന്നെ അവർ ചെയ്ത കാര്യങ്ങളല്ലേ? ബഹുമാനപ്പെട്ട മന്ത്രിയിവിടെ പറഞ്ഞതുപോലെ, രണ്ടാമത് പ്രൊസീജിയർ അനുസരിച്ച് പത്രപരസ്യം കൊടുത്തു. പത്രപരസ്യം കൊടുത്തപ്പോൾ കുട്ടിയുടെ മാതാവ് അവിടെ ചെന്നു. രക്തബന്ധത്തിലുള്ള ആരു വന്നാലും, കുഞ്ഞിന്റെ ഡി. എൻ.എ. പരിശോധിച്ച്, കുഞ്ഞിനെ തിരികെ നല്കണം. കുട്ടി നഷ്ടപ്പെട്ടുപോയതാണോയെന്നും ആരെങ്കിലും തട്ടിക്കൊണ്ടുവന്നതാണോയെന്നും യഥാർത്ഥത്തിൽ കുഞ്ഞ് ഉപേക്ഷിക്കപ്പെട്ടതാണോ, മാതാപിതാക്കൾക്ക് കുഞ്ഞിനെ ആവശ്യമുണ്ടോ എന്നുള്ള കാര്യങ്ങളൊക്കെ അറിയാൻ വേണ്ടിയാണ് പ്രൊസീജിയറനുസരിച്ച് പത്രപരസ്യം കൊടുക്കുന്നത്. ഇവിടെ കുഞ്ഞിന്റെ മാതാവ് പത്രപരസ്യം കണ്ട് ശിശുക്ഷേമ സമിതിയിൽ ചെന്നു. അങ്ങനൊരു കുഞ്ഞിവിടില്ലെന്നാണ് ശിശുക്ഷേമ സമിതി സെക്രട്ടറി ആദ്യം കുഞ്ഞിന്റെ അമ്മയോട് പറഞ്ഞത്.

ഈ കുഞ്ഞിനെ കിട്ടിയതിന്റെ പിറ്റേ ദിവസം കിട്ടിയ, പ്രശസ്ത ഫുഡ്ബോൾ താരമായ പെലെ യുടെ പേരിട്ടിരിക്കുന്ന വേറൊരു കുഞ്ഞുണ്ടായിരുന്നു അവിടെ. ഇവർ നിർബന്ധിച്ചപ്പോൾ, അവരുടെ പിതാവ് കൈമാറിയ കുട്ടിയുടെ ഡി. എൻ. എ. ടെസ്റ്റ് എടുക്കുന്നതിന് പകരം, പിറ്റേദിവസം വന്ന വേറൊരു കുട്ടിയുടെ ഡി.എൻ.എ. ടെസ്റ്റ് എടുത്ത ശേഷം, നിങ്ങളുടെ കുഞ്ഞല്ലെന്ന് പറഞ്ഞു. ഇതാണ് അവിടെ നടന്നത്. അവിടെയും തട്ടിപ്പാണ് നടത്തിയത്. അവിടെയുള്ള ശിശുക്ഷേമ സമിതി, ഇവിടെ സൂചിപ്പിച്ച അഡോപ്ഷൻ കമ്മിറ്റി തന്നെയാണ് ഇത് ചെയ്തത്. അതിന് ശേഷം, ഫ്രീ ഫോർ അഡോപ്ഷൻ -- നിയമപരമായി ദത്തെടുക്കപ്പെടുന്നതിന് ഈ കുട്ടി യോഗ്യനാണ് എന്നറിയിക്കുകയാണ് സി. ഡബ്ല്യൂ. സി. ആ സമയം കുഞ്ഞിന്റെ മാതാവ് പല സ്ഥലങ്ങളിലും കയറിയിറങ്ങി നടക്കുകയാണ്. അതിനുശേഷം ഈ വിഷയം സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയിലേക്ക് അപ്‌ലോഡ് ചെയ്യുന്നു. അവരാണ് ഇത് തീരുമാനിക്കേണ്ടത്. അവർ ആന്ധ്രയിലെ ദമ്പതികൾക്ക് ഈ കുഞ്ഞിനെ ദത്തുനൽകാൻ അനുവദിക്കുന്നു. അവിടെ വെബ്സൈറ്റിൽ കിട്ടുന്ന വിവരമാണിത്. പ്രസവിച്ച കുഞ്ഞിനുവേണ്ടി, അമ്മ ഏപ്രിൽ മാസം മുതൽ

ഓരോ സ്ഥലങ്ങളിലും ഇതിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് പോകുകയാണ്. ഞങ്ങൾ അതിന്റെ പശ്ചാത്തലത്തിലേക്കും, രാഷ്ട്രീയത്തിലേക്കും, കുടുംബപശ്ചാത്തലത്തിലേക്കൊന്നും പോകുന്നില്ല. കുഞ്ഞിനെ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് അവർ മുഖ്യമന്ത്രി, ഡി.ജി.പി., സി. ഡബ്ല്യൂ. സി., സി.പി.എം. സെക്രട്ടറി, പി. ബി. അംഗം, സി.പി.എം. ജില്ലാ സെക്രട്ടറി, തുടങ്ങിയ ഒട്ടേറെയാളുകൾക്ക് പരാതി നൽകി. പി. ബി. അംഗം ശ്രീമതി വൃന്ദാ കാരാട്ട് ശ്രീമതി ടീച്ചറോട് വിളിച്ച് പറഞ്ഞു. ശ്രീമതി ടീച്ചർ പറഞ്ഞത് എല്ലാ വനിതാ നേതാക്കളേയും, മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയെ ഉൾപ്പെടെ എല്ലാവരെയും വിളിച്ചറിയിച്ചുവെന്നും, പക്ഷെ തോറ്റുപോയി എനിക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നുമാണ്. കാരണം പാർട്ടിയാണ് ഇക്കാര്യത്തിൽ തീരുമാനങ്ങളെടുത്തിരിക്കുന്നത്. ആഗസ്റ്റ് ആറാം തീയതി അഡോപ്ഷൻ കമ്മിറ്റി ചേരുന്നു. അഡോപ്ഷൻ കമ്മിറ്റിയിലെ രണ്ടുപേർക്ക് കുഞ്ഞ് ആരുടേതാണെന്ന് അറിയാമായിരുന്നു. ഒന്നാമത് സി. ഡബ്ല്യൂ.സി. ചെയർമാൻ, അവർ കോർപ്പറേഷൻ തെരഞ്ഞെടുപ്പിലെ സി.പി.എം. സ്ഥാനാർത്ഥിയായിരുന്നു. രണ്ടാമത്, ശിശു ക്ഷേമ സമിതിയിലെ ജനറൽ

സെക്രട്ടറി, ഡി.വൈ.എഫ്.ഐ.നേതാവ്, സെക്രട്ടേറിയറ്റ് അംഗം., ഇവർക്ക് രണ്ടുപേർക്കും കാര്യങ്ങളറിയാമായിരുന്നിട്ടും, അഡോപ്ഷൻ കമ്മിറ്റി ആഗസ്റ്റ് ഏഴാം തീയതി യോഗം ചേർന്ന് കുഞ്ഞിനെ ആന്ധ്രയിലെ ദമ്പതികൾക്ക് കൈമാറാൻ തീരുമാനിക്കുന്നു. ഇപ്പോൾ താല്ക്കാലിക അഡോപ്ഷനാണ് നൽകിയിരിക്കുന്നത്. പ്രൊസീജിയർ അനുസരിച്ച് അഡോപ്ഷൻ സ്ഥിരപ്പെടുത്തണമെങ്കിൽ കോടതി തീരുമാനിക്കണം. ഈ സംഭവം വിവാദമായതിന് ശേഷവും, അഡോപ്ഷൻ സ്ഥിരപ്പെടുത്താൻ വേണ്ടി കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യുന്നു. കഴിഞ്ഞ ആഴ്ചയും അഫിഡവിറ്റ് ഫയൽ ചെയ്തു. പ്രസ്തുത അഫിഡവിറ്റിനെക്കുറിച്ചാണ് കോടതി ഇന്നലെ വിമർശിച്ചത്. ഈ സംഭവം വിവാദമായതിന് ശേഷവും ദത്തെടുക്കൽ സ്ഥിരപ്പെടുത്താൻ, കുഞ്ഞ് ആരുടേതാണെന്ന് അറിയാവുന്ന ആളുകൾ തന്നെ പെറ്റീഷൻ ഫയൽ ചെയ്തില്ലേ. അവർ അഫിഡവിറ്റ് ഫയൽ ചെയ്തില്ലേ. അവരെയാണ് ബഹുമാനപ്പെട്ട മന്ത്രി ന്യായീകരിച്ചത്. ശ്രീമതി വൃന്ദാ കാരാട്ട് പറഞ്ഞതുപോലെ ഇതൊരു കുറ്റകൃത്യമാണ്. പ്രോട്ടോക്കോൾ മുഴുവൻ ലംഘിച്ചുകൊണ്ടു നടത്തിയ കാര്യമാണ്. ഇത്രയും ആളുകൾക്ക് അറിയാമായിരുന്നിട്ടും അവരെന്താണ് ചെയ്തത്. ഇവിടെ ബഹുമാനപ്പെട്ട

അംഗം ചോദിച്ചതുപോലെ, കുഞ്ഞിനെ നഷ്ടപ്പെട്ടത് സംബന്ധിച്ച് മുഴുവൻ വിവരങ്ങളും കൊടുത്തുകൊണ്ട് പോലീസിൽ പരാതി നൽകിയിരുന്നു. ആറ് മാസം കഴിഞ്ഞിട്ടാണ് അവർ എഫ്. ഐ. ആർ. തയ്യാറാക്കിയത്. ഇങ്ങനെയാണോ പോലീസിന് കൊടുത്തിരിക്കുന്ന നിർദ്ദേശം? പാർട്ടി ഇടപെട്ടാൽ എന്തും ചെയ്യാം, എല്ലാം പാർട്ടി തീരുമാനിക്കും. പോലീസ് സ്റ്റേഷൻ, കോടതി, സി. ഡബ്ല്യൂ. സി., ഡി.ജി.പി., എല്ലാം പാർട്ടി തന്നെ. എല്ലാവരും കൂടി ഇത് ചെയ്തതാണ്. ചില സംസ്ഥാനങ്ങളിലൊക്കെ നടക്കുന്ന ദുരഭിമാന കൊലകൾക്ക് തുല്യമായൊരു ദുരഭിമാന കുറ്റകൃത്യമാണിത്. ഇടതുപക്ഷമായ നിങ്ങളുടെ നിലപാട്, ഇക്കാര്യത്തിൽ തീവ്ര വലതുപക്ഷ നിലപാടാണ്. യാഥാസ്ഥിതിക, പിന്തിരിപ്പൻ നിലപാടാണ്. കൺസർവേറ്റീവ് അപ്രോച്ചാണ്. നിങ്ങൾ എന്ത് ഇടതുപക്ഷമാണ്? ദുരഭിമാന കുറ്റകൃത്യത്തിന് കൂട്ടുനിൽക്കുന്നതാണോ ഇടതുപക്ഷത്തിന് യോജിച്ച കാര്യം. നിങ്ങൾ എന്ത് പുരോഗമനവാദികളാണ്. എവിടത്തെ പുരോഗമനമാണ് നിങ്ങൾക്കുള്ളത്? യാഥാസ്ഥിതിക പിന്തിരിപ്പന്മാരാണ് നിങ്ങൾ. അതിൽ ഒരു സംശയവും വേണ്ട. ഇത്തരം കാര്യങ്ങളിലെ നിലപാടുകളിലൂടെയാണ് ഒരാൾ ഇടതുപക്ഷമാണോ പ്രോഗ്രസ്സീവാണോയെന്ന് തീരുമാനിക്കേണ്ടത്.

യാഥാസ്ഥിതികമാണോ പുരോഗമനപരമാണോയെന്ന് തീരുമാനിക്കണം. ഞാൻ എല്ലാ വനിതാ നേതാക്കളെയും അറിയിച്ചുവെന്ന് ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ടി.വി.-യിൽ ഇരുന്ന് പറഞ്ഞല്ലോ. സി.പി.ഐ.(എം.)-ന്റെ രണ്ട് വനിതാ മന്ത്രിമാർ ഇവിടെ ഇരിക്കുന്നുണ്ടല്ലോ നിങ്ങൾ രണ്ടുപേരും അറിഞ്ഞോ? എല്ലാവരും അതിന് കൂട്ടുനിന്നു. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്, സി.പി.ഐ.(എം.) ജില്ലാ സെക്രട്ടറി ശ്രീ. ആനാവൂർ നാഗപ്പന്റെ പത്രസമ്മേളനമാണ്. ആദ്യം ചെന്നപ്പോൾ അദ്ദേഹം എന്താണ് പറഞ്ഞതെന്ന് ഈ അമ്മ പറഞ്ഞിട്ടുണ്ട്. **XXXXXXXXXX**+ വെള്ളരിക്കാപട്ടണമാണോ. എല്ലാ നിയമ നടപടികളെയും നിയമ വ്യവസ്ഥകളെയും... ഞങ്ങൾ ഈ വിഷയത്തെയല്ല സിസ്റ്റത്തെയാണ് ചോദ്യം ചെയ്യുന്നത്. ഞാൻ വഴങ്ങുന്നില്ല.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, ജില്ലാ സെക്രട്ടറിയെക്കുറിച്ച് പറഞ്ഞ പരാമർശം സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല.

---

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. 17488/ഇ.ബി./2021/നി.സെ. തീയതി 26-10-2021) സഭാരേഖകളിൽനിന്ന് നീക്കം ചെയ്തു.

ശ്രീ. വി. ഡി. സതീശൻ: സർ, വാക്കൗട്ട് പ്രസംഗത്തിന് പോയിന്റ് ഓഫ് ഓർഡറോ?

മി. സ്പീക്കർ: അങ്ങ് വഴങ്ങുന്നുണ്ടോയെന്നാണ് അദ്ദേഹം ചോദിച്ചത്.

ശ്രീ. വി. ഡി. സതീശൻ: സർ, വാക്കൗട്ട് പ്രസംഗത്തിന് പോയിന്റ് ഓഫ് ഓർഡറൊന്നുമില്ല.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡറല്ല അങ്ങ് വഴങ്ങുന്നുണ്ടോയെന്ന് ചോദിച്ചതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ വഴങ്ങുന്നില്ല. (...ബഹളം...)

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞതിൽ ആക്ഷേപകരമായ കാര്യങ്ങളുണ്ടെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കും. (...ബഹളം...) ആക്ഷേപകരമായിട്ടുള്ള കാര്യങ്ങൾ രേഖയിലുണ്ടാകില്ല അത് പരിശോധിക്കും.

ശ്രീ. വി. ഡി. സതീശൻ: സർ, കഴിഞ്ഞ ആറ് മാസക്കാലമായി തുടങ്ങിയ ഒരു ഗൂഢാലോചനയാണ് ഒക്ടോബർ മാസം വരെ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. എല്ലാവർക്കും എല്ലാമറിയാം. എല്ലാവരും എല്ലാത്തിനും കൂട്ടുനിന്നു. എല്ലാവരും അതിൽ പങ്കാളികളാണ്. ഒരു

കുറ്റകൃത്യം നടത്താൻ നിരന്തരമായി ഒരു കുറ്റമല്ല നിരവധി കുറ്റങ്ങളാണ് ഇവർ ചെയ്തിരിക്കുന്നത്. ശിശുക്ഷേമ സമിതിയുടെ ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. അദ്ദേഹം അറിയുകയും അന്വേഷിക്കുകയും ചെയ്യണ്ടേ. ആരാണ് അതിന്റെ വൈസ് ചെയർമാൻ? ശിശുക്ഷേമ സമിതിയിൽ എന്താണ് നടക്കുന്നതെന്ന് നിങ്ങൾക്കൊക്കെ അറിയണ്ടേ. നിങ്ങളുടെ ഓഫീസിൽവരെ ഈ വിവരങ്ങളുണ്ടായിട്ടും അതെന്താണെന്ന് അന്വേഷിക്കാൻ നിങ്ങളാരും തയ്യാറായില്ല. കാരണം, അത് പാർട്ടിക്ക് വിട്ടുകൊടുത്തു. പാർട്ടിയാണ് ഇതെല്ലാം ചെയ്തത്. പാർട്ടിയാണോ കേരളത്തിൽ ഭരിക്കുന്നത്. കർക്കശത്തോടുകൂടി നടപ്പാക്കേണ്ട ഇത്തരം പ്രധാനപ്പെട്ട നിയമങ്ങൾ പാർട്ടിക്ക് വിട്ടുകൊടുത്താൽ മതിയോ. പാർട്ടി പോലീസ് സ്റ്റേഷനും കോടതിയുമായി മാറുന്ന ഒരു സാഹചര്യം കേരളത്തിനെ എവിടെകൊണ്ടെത്തിക്കും? ഞാൻ അവസാനിപ്പിക്കുകയാണ്. ഇതൊരു ഗൂഢാലോചനയാണ്. നിരവധി കുറ്റകൃത്യങ്ങൾ നടത്താൻവേണ്ടിയുള്ള നിരന്തരമായ ഗൂഢാലോചനയിൽ സി.പി.ഐ.(എം.)-ന്റെ പാർട്ടി നേതാക്കന്മാർക്ക് പങ്കുണ്ടെന്നത് പകൽ വെളിച്ചംപോലെയാണ്. ശിശുക്ഷേമ സമിതിയിലെ ജീവനക്കാർ മുഖ്യമന്ത്രിക്ക് കൊടുത്ത ഒരു

പരാതിയുടെ കോപ്പി എന്റെ കയ്യിലുണ്ട്. (പരാതി ഉയർത്തിക്കാട്ടി). അതിനകത്ത് അവിടെ നടക്കുന്ന എല്ലാമുണ്ട്. ഈ കുടുംബം ചെയ്ത മുഴുവനും അതിലുണ്ട്. സി.സി.ടി.വി. ക്യാമറ ഇപ്പോഴുണ്ടോയെന്ന് അന്വേഷിക്കണം. എല്ലാം മാറ്റിക്കളഞ്ഞു. നശിപ്പിച്ചു. കുറ്റകൃത്യം നടത്തുന്നതിന് പാർട്ടി നേതാക്കന്മാർകൂടി ഗൂഢാലോചനയിൽ പങ്കാളികളായി. ഇനി നിയമസഭ പാസ്സാക്കാൻ പോകുന്ന എല്ലാ ബില്ലിലും ഒരു അപ്പീൽ പ്രൊവിഷൻ വയ്ക്കാം. നിങ്ങൾക്കെന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് എ.കെ.ജി. സെന്ററിൽ കൊടുത്താൽ മതി. അങ്ങനെയാണോ കേരളത്തിലെ ഭരണം? നമ്മുടെ നിയമവ്യവസ്ഥകളെ മുഴുവൻ കാറ്റിൽപറത്തിക്കൊണ്ട് ഒരു കുഞ്ഞിനോട് ചെയ്ത ക്രൂരകൃത്യമാണ്. അത് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും എല്ലാ കുറ്റകൃത്യത്തിനും കൂട്ടുനിന്ന ശിശുക്ഷേമ സമിതിയെയും ചൈൽഡ് വെൽഫയർ കമ്മിറ്റിയെയും പോലീസിനെയും ബഹുമാനപ്പെട്ട മന്ത്രി ന്യായീകരിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന്

പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കുറ്റകൃത്യങ്ങളുടെ ഒരു ഘോഷയാത്രതന്നെ നടന്നിട്ടും അത് ഈ സഭയിൽ അവതരിപ്പിക്കാൻ ശ്രമിച്ച്, കാര്യങ്ങൾ എണ്ണിയെണ്ണി പറഞ്ഞപ്പോൾ അത് കവർ അപ് ചെയ്യാൻ വേണ്ടിയുള്ള ഒരു മറുപടിയായാണ് മന്ത്രിയുടെ മറുപടി കേട്ടാൽ തോന്നുന്നത്. നടക്കാൻ പാടില്ലാത്ത കാര്യങ്ങളാണ് നടന്നത്. മാനുഷികമായും വൈകാരികമായും കുടുംബപരമായും നിയമപരമായും എല്ലാ സിസ്റ്റത്തെയും തകർത്തെറിഞ്ഞുകൊണ്ട് അവയെ നോക്കുകുത്തികളാക്കി ഒരു അർത്ഥവുമില്ലാത്തതാക്കികൊണ്ടാണ് ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത, മാതാവിൽനിന്ന് കുട്ടിയെ വേർപെടുത്തുന്നതും പറഞ്ഞുപറ്റിച്ച് വേറൊരു കൂട്ടർക്ക് ദത്തുകൊടുക്കുന്നതുമായ കാര്യങ്ങൾ നമ്മൾ ചർച്ച ചെയ്യാൻ പാടില്ലായെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ. കേരളം മുഴുവൻ ചർച്ച ചെയ്യുകയല്ലേ. സാങ്കേതികമായി പറഞ്ഞൊഴിയാൻ ഈ വിഷയത്തിൽ വകയില്ല. ഈ കാര്യത്തിൽ അവസാനമെങ്കിലും ന്യായമായ ഒരു നിലപാടിലേയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി വരേണ്ടതായിരുന്നു. നടന്ന സംഭവങ്ങളെ രാഷ്ട്രീയ കാരണങ്ങളാലോ മറ്റ് കാരണങ്ങളാലോ കവർ അപ്

ചെയ്യാനുള്ള ശ്രമം നടത്തിയിരുന്നു. മെമ്പർ വളരെ വൈകാരികമായി ആ പ്രശ്നം അവതരിപ്പിക്കുമ്പോൾ അവതരിപ്പിക്കുന്ന സമയത്തിൽ പിശുക്ക് കാണിച്ചതുകൊണ്ടാണ് പ്രതിപക്ഷം പ്രതിഷേധിച്ചത്. എന്നിട്ടും ഒരു അതിരുവരെയേ ഞങ്ങൾ പ്രതിഷേധിച്ചൊള്ളൂ. അതുകൊണ്ട് ഇത് ചർച്ച ചെയ്യുണ്ടെന്നും കണ്ടില്ലായെന്ന് നടിച്ചുപോകേണ്ട കാര്യമല്ല. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തത് സംഭവിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് കേൾക്കുന്നുണ്ട്. ഭാവിയിലെങ്കിലും ഇത്തരം കാര്യങ്ങൾ സംഭവിക്കാതിരിക്കാനുള്ള നടപടിയാണ് വേണ്ടത്. കേരളത്തിന് യോജിച്ച സംഭവമല്ല ഇവിടെ നടന്നിരിക്കുന്നത്. ആ നിലയിലാണ് ദേശീയ തലത്തിലും സംസ്ഥാന തലത്തിലും എല്ലാ തലത്തിലും ഇത് ചർച്ച ചെയ്യപ്പെടുന്നത്. ആ സമീപനം ഉൾക്കൊണ്ടുപോകാതെ സംഭവിച്ചതിനെ കവർ അപ് ചെയ്യാൻ നടത്തിയ ശ്രമമാണ് ഇവിടെ കണ്ടത്. അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ് : സർ, കേരളത്തിന്റെ പൊതുമനസാക്ഷിയെ ഞെട്ടിച്ച നമുക്കെല്ലാം ഏറ്റവും കൂടുതൽ ആശങ്കയും വേദനയുമുണ്ടാക്കിയ നിർഭാഗ്യകരമായ ഒരു സംഭവം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിരുന്നു. കുറ്റകൃത്യം ചെയ്തവരെ സംരക്ഷിക്കുന്ന തെറ്റായ നിലപാട് മന്ത്രിയും ഗവൺമെന്റും സ്വീകരിച്ചതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, മാതാവിൽനിന്ന് ഒരു കുഞ്ഞിനെ അനധികൃതമായി മാറ്റിയ ശിശുക്ഷേമ സമിതിയുടെയും ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെയും പോലീസിന്റെയും അനധികൃതവും നിയമവിരുദ്ധവുമായ ഇടപെടലാണുണ്ടായിട്ടുള്ളത്. സമൂഹത്തിൽ ഏറെ ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്ന ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, കുട്ടികൾക്കും അമ്മമാർക്കും നീതി നിഷേധിക്കപ്പെടുന്നത് കേരളത്തിൽ പുതുമയല്ലാത്ത കാഴ്ചയായി മാറുകയാണ്. വാളയാറിലെ രണ്ട് പെൺകുട്ടികൾ ഇപ്പോഴും തൂങ്ങിയാടുകയാണ്. ഇത്തരത്തിലുള്ള വളരെ ഗുരുതരമായ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭയിൽനിന്ന് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)